# ധ്വനി

2023-2024

## ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ കന്യാകുളങ്ങര



വിദ്യാഭ്യാസ ജില്ല

തിരുവനന്തപുരം

ഉപജില്ല

കണിയാപുരം

പ്രഥമാദ്ധ്യാപകൻ

ബി ഗോപകുമാർ

## ആമുഖം

അറിവിന്റെ അനന്ത വിഹായസിലേയ്ക്ക് ചിറകുകൾ വിടർത്തി പറന്നുയരാൻ, കാലത്തിന്റെ കുത്തൊഴുക്കിൽ മാനവ മൂല്യങ്ങൾ നഷ്ടപ്പെടാതെ നന്മയുടെയും സ്നേഹത്തിന്റെയും സുമങ്ങൾ വിരിയിക്കാൻ പുത്തനറിവുകൾ മനസ്സിന്റെ മൺചെരാതിൽ അണയാത്ത ദീപനാളമായി ജ്വലിപ്പിച്ച് നിർത്താൻ ഇനിയും ഒത്തിരി ഒത്തിരി ചക്രവാളങ്ങൾ എത്തിപ്പിടിക്കാൻ വെമ്പൽ കൊള്ളുന്ന കുഞ്ഞു മനസ്സുകളുടെ ഒരു ശ്രമം, ധ്വനി 2023-24 എന്ന പേരിൽ സമർപ്പിക്കുന്നു.

LK 2022-25 BATCH

# ഉൾത്താളുകളിൽ


| | |
|---|---|
| കൂട്ടുകാർ | 4 |
| എന്റെ വിദ്യാലയം | 4 |
| നൊമ്പരക്കാഴ്ച്ച | 5 |
| വിശപ്പ് | 5 |
| ഗന്ധർവ്വലോകം | 6 |
| ചെറുപക്ഷി | 6 |
| ജന്മദിനം | 6 |
| നല്ല ടീച്ചർ | 7 |
| എന്റെ വിദ്യാലയം | 8 |
| അമ്മ | 9 |
| പക്ഷികൾ | 9 |
| പുസ്തക ഗുണങ്ങൾ | 10 |
| മോഹം | 11 |
| ഋവൽ പക്ഷി | 11 |
| മുത്തശ്ശിയുടെ ഉപദേശം | 12 |
| അവധിക്കാലം | 13 |

## കൂട്ടുകാർ

നാം പോകും പാതയിൽ
വന്നിടും തടസ്സങ്ങൾ
ഒന്നൊന്നായി മറി കടക്കാം
ചങ്ങാത്തമോടെ നാംനീങ്ങുന്നു
എന്നാളും സ്നേഹത്തിൻ നേർവഴിയിൽ
നേടുന്നു നിൻ വഴി മാറുന്നു കാലങ്ങൾ
പിരിയുന്നു നമ്മൾ കൂട്ടുകാർ
എന്നാലും നിന്നുടെ സ്നേഹത്തെ
തേടുന്നു ഞാൻ നമ്മൾ കൂട്ടുകാർ
മനമാകെ നിറയുന്നു നിന്നോർമ്മകൾ
മനതാരിൽ വിരിയുന്നു നിന്നുടെ പുഞ്ചിരി
നമ്മൾ കൂട്ടുകാർ നമ്മൾ കൂട്ടുകാർ

ആർദ്ര ആർ
10 A

## എന്റെ വിദ്യാലയം

വേർപാട് അറിഞ്ഞു ഞാൻ വേദനിച്ചപ്പോൾ
വിദ്യാലയത്തിൻ മഹിമയോർത്തു
വിദ്യാദേവത എന്നിൽ വിതച്ചൊരു
വിത്തിൻ മഹത്വവും ഞാനറിഞ്ഞു
അറിവിനാൽ ഞാനെന്റെ അജ്ഞാത ദുഃഖത്തെ
അകലെ യങ്ങ് എത്തിക്കാൻ ആഗ്രഹിച്ചു
അലയടിച്ചെത്തിയരാ ദുഃഖമെന്നിലെ
അക്ഷരത്താളിനാൽ മാറിപ്പോയി

## നൊമ്പരക്കാഴ്ച

നൊമ്പര കാഴ്ചതൻ ഭംഗി നുകരുവാൻ
എൻ മനം എന്നെ വിളിച്ച നേരം
പോയി ഞാൻ അതിൽ ഭംഗി നുകരുവാൻ
കണ്ടു ഞാൻ അതിനു വേദന എന്തെന്ന്
കേട്ടു ഞാൻ അതുതൻ നൊമ്പര ഗാനാലാപം
അതു കേട്ട് നിന്നുപോയി ദീർഘനേരം
ആരോ വന്ന് വിളിക്കവേ ഞെട്ടി ഉണർന്നു
ഞാനാരാത്രിതൻ നിലാവിൽ

## വിശപ്പ്

വിശന്നു വലഞ്ഞ് ഓടി അടുത്തു ഞാൻ
അമ്മതൻ അരികിൽ
കണ്ടു ഞാൻ അമ്മതൻ ക്ഷീണിത മുഖഭാവം
ഉച്ചവെയിൽ ക്ഷീണം അത് എന്തെന്ന്
കണ്ടു ഞാൻ അമ്മതൻ മിഴികളിൽ
കെട്ടിപ്പിടിച്ച് എന്നെ മാറോട് ചേർത്തമ്മ
പൊട്ടിക്കരഞ്ഞുപോയി എന്തെ ന്നറിയാതെ ഞാനും
ക്ഷീണി തയാണെൻ അമ്മ എന്നറിഞ്ഞു ഞാൻ
വിശപ്പിൻ തീവ്രത എന്തെന്ന് മിണ്ടാതെ
കിടന്നു ഞാൻ അമ്മതൻ മടിത്തട്ടിൽ

അനാമിക എ ആർ
10A

## ഗന്ധർവ്വ ലോകം

ചെമ്പകപ്പൂവിൻ കാട്ടിലേതോ
ഒരു ചെമ്പനീർ പൂവിൻ സുഗന്ധമെന്നിൽ
രാക്കിനാവിൽ രഥമേറി വന്നൊരു
ഗന്ധർവ്വനാം സുന്ദരൻ പാട്ടു മൂളി
ഗന്ധർവ്വ സുന്ദരൻ പാടിയ പാട്ടിലോ
അപ്സര സുന്ദരി നൃത്തം ആടി
ചിലങ്കതന്നൊച്ചയിൽ ഗന്ധർവ്വ ലോകമോ
ആനന്ദ ലഹരിയിൽ മതിമറന്നു.

## ചെറുപക്ഷി

ഈ അർദ്ധരാത്രിയിൽ ഒരു ചെറു പക്ഷിതൻ
നൊമ്പര മധുര രാഗം കേട്ടു നിൽക്കെ
അതു തന്നെ നൊമ്പരമാണ് അതെന്ന്
എന്റെ മനസ്സിൽ ഒന്നു നിനക്കവേ
ഭയമുണ്ട് അതിനു തൻ ജീവനെ ഓർത്ത്
കുഞ്ഞിനെ ഓർത്തവൾ സ്പന്ദമായി നിന്നു പോയി
ഒരു ദിനം തൻ കുഞ്ഞിനെ ഉപേക്ഷിച്ച്
കൂട്ടും വെടിഞ്ഞ് പറന്നകന്നു
നീറി പുളഞ്ഞു തൻ കുഞ്ഞിനെ ഓർത്തവൾ
ജീവിക്കുവാനും കൊതി തോന്നിയില്ല
അഗ്നി പരീക്ഷയ്ക്ക് ഒരുങ്ങി ചെറു പക്ഷി
ജീവനൊടുക്കി ഒരു നാളിൽ

അനാമിക എ ആർ
10A

## ജന്മദിനം

കാർത്തിക അന്നും പതിവുപോലെ എഴുന്നേറ്റു. സ്വീകരണ മുറിയിലേയ്ക്ക് കാൽവച്ചതും അവൾ അന്ധാളിച്ചുപോയി. മേശമേലെ വിരിക്കുമുകളിൽ അതിമനോഹരമായ ഒരു കേക്ക് അവളെ കാത്തിരുന്നു. കൂടെ വളരെയധികം സമ്മാനങ്ങളും. അപ്പോൾ അവിടേയ്ക്ക് അവളുടെ അച്ഛനും അമ്മയും കൂട്ടുകാരും കടന്നുവന്നു.

“പിറന്നാളാശംസകൾ!”

അവരെല്ലാം അവളെ വരവേറ്റു.

കേക്ക് മുറിച്ച് എല്ലാവരും പങ്കുവെച്ച് കഴിച്ച ശേഷം അമ്മ കാർത്തികയോട് ചോദിച്ചു.

“ ഏത് പൊതിയാണ് ആദ്യം തുറക്കുന്നത്?”

“ഇത്"

ഏറ്റവും ചെറിയ സമ്മാനപ്പൊതി ചൂണ്ടി അവൾ പറഞ്ഞു. മനോഹരങ്ങളായ വർണ്ണ കടലാസുകളിൽ പൊതിഞ്ഞ ആ സമ്മാനപ്പൊതി തുറന്ന അവൾക്ക്, മനോഹരിയായ ഒരു കുഞ്ഞു കരടിപ്പാവയെ ലഭിച്ചു. അങ്ങനെ എല്ലാ പൊതികളും തുറന്ന് ഓരോ സമ്മാനങ്ങൾ അവളെടുത്തു. ഓരോന്നും ഓരോ വിസ്മയച്ചെപ്പുകളായിരുന്നു. ആഘോഷങ്ങൾ കഴിഞ്ഞ് കൂട്ടുകാർ ഓരോരുത്തരായി യാത്ര പറഞ്ഞുപോയി.

വൈകുന്നേരം അച്ഛനും അമ്മയും അവളെ ഒരിടം വരെ കൊണ്ടുപോയി. അമ്യൂസ്മെന്റ് പാർക്കിലേയ്ക്ക്! അതവൾക്ക് ശരിക്കും ഇഷ്ടപ്പെട്ടു. തിരിച്ചു പോകും വഴി അവൾ അമ്മയുടെ കൈയ്യിൽ തോണ്ടി വിളിച്ചു.

“ദേ, നാടും വീടും ഇല്ലാത്ത കുറേ ഭിക്ഷക്കാർ!”

“മനസ്സിലായി. അവർക്ക് നാണയം കൊടുക്കണമായിരിക്കും! വാ... കൊടുക്കാം"

അ വൾക്ക് വലിയ സന്തോഷമായി. വീട്ടിലെത്തിയിട്ട് അച്ഛൻ അവളോട് ചോദിച്ചു.

“മോളേ, ഇന്ന് നീ ഏറ്റവും ആസ്വദിച്ചത് എപ്പോഴാണ്?”

“യാചകർക്ക് നാണയം കൊടുത്തപ്പോൾ.”

ഒട്ടും ആലോചിക്കാതെ കാർത്തിക പറഞ്ഞു. ഇതു കേട്ട അച്ഛന്റെയും അമ്മയുടെയും കണ്ണുകൾ നിറഞ്ഞു.

“എന്റെ മോൾ ദയാലു തന്നെ. എന്റെ പൊന്നു മോൾ!”

അവൾ ചിരിച്ചതേയുള്ളൂ.

ഇങ്ങനെയാണ് നമ്മളുരു. മറ്റുള്ളവരെ സഹായിക്കുക എന്നത് സന്തോഷത്തിലേയ്ക്കുള്ള താക്കോലാണ്. നിങ്ങളും ഇങ്ങനെയാകണേ......

-- ദേവസേന സി എ, 7 ഡി

## നല്ല ടീച്ചർ

ബൃന്ദക്കുട്ടിക്ക് തന്റെ ടീച്ചറെ ഇഷ്ടമായിരുന്നു.

“എന്തൊരു ചന്തം പൂന്തോട്ടം
ചേട്ടൻ നട്ടൊരു പൂന്തോട്ടം
ചേച്ചി നനൊച്ചൊരു പൂന്തോട്ടം
എത്ര മനോഹരമീത്തോട്ടം"

ടീച്ചർ കുട്ടികൾക്ക് രസകരമായ പാട്ടുകൾ പാടിക്കൊടുത്തു. പിന്നെ ധാരാളം കഥകൾ പറഞ്ഞുകൊടുത്തു. സ്വന്തം മക്കോളോടെന്നപോലെ കുട്ടികളോടൊത്ത് കളിച്ചു.

"എനിക്ക് ഉഷ ടീച്ചറെ ഇഷ്ടാ....” ബൃന്ദ എപ്പോഴും പറയും.

അച്ഛനും അമ്മയും ബൃന്ദയുടെ ചേച്ചിക്കും മുത്തച്ഛനും അമ്മൂമ്മയും ടീച്ചറെ ഇഷ്ടമായി. വീട്ടിൽ വന്നാൽ ബൃന്ദയ്ക്ക് ക്ലാസ്സ് വിശേഷങ്ങളേ പറയാനുള്ളൂ. ഉഷ ടീച്ചറുടെ കഥ, കവിത, മാജിക് അങ്ങനെ അങ്ങനെ .............. അദ്ധ്യാപക ദിവസം വന്നു. ഗുരുനാഥനെ ആദരിക്കുന്ന ദിവസം. ബൃന്ദ ഉഷ ടീച്ചറിന് സമ്മാനം കോടുക്കാൻ തീരുമാനിച്ചു. അവൾ ടീച്ചറിന് സമ്മാനം നൽകി. ടീച്ചർ അവളെ കെട്ടിപ്പിടിച്ച് ഉമ്മ നൽകി. അവൾ സന്തോഷത്തോടെ നിന്നു. അവൾക്ക് അന്ന് പ്രിയപ്പെട്ട ദിവസമായി.

Nashathjan N
5 B

## എന്റെ വിദ്യാലയം

തോരണങ്ങളും ഘോഷയാത്രയുമായി
എന്നെ വരവേറ്റൊരെന്റെ വിദ്യാലയം
പുഞ്ചിരി തൂകി നിന്നെന്റെ ഗുരുനാഥൻ
സ്നേഹത്താലെന്റെ ഭയമകറ്റി

പുത്തനറിവുകൾ സമ്മാനമായിത്തന്ന
വിദ്യാലയമേ വിട പറയുന്നു ഞാൻ
പഠിച്ചും കളിച്ചും രസിച്ചും നടന്നു ഞാൻ
കൂട്ടുകാരോടൊത്തുല്ലസിച്ചും നടന്ന ദിനങ്ങൾ

ലോകമേ, ഞാൻ വരുന്നു,
നിൻ ചിറകേറിപ്പറക്കാൻ
ഇനി വരില്ലെന്നറിയാമെന്നാലും
മറക്കില്ലൊരിക്കലും എന്റെയീ വിദ്യാലയം

- ഹന്ന.എസ്

# അമ്മ

ബാല്യത്തിലെന്നെ പിച്ചവയ്പ്പിച്ച
ബാല്യസുഹൃത്താണെൻ അമ്മ
ആദ്യാക്ഷരങ്ങൾ ചൊല്ലി പഠിപ്പിച്ച
ആദ്യഗുരുവാണെൻ അമ്മ
ജീവിതത്തിൽ നേർവഴി കാട്ടിയ
ജീവനാണെൻ അമ്മ
സ്നേഹവും നന്മയും എന്നിൽ
പകർന്നൊരു സ്നേഹരൂപമാണെൻ അമ്മ

– ആമിന.എൻ.എസ്

## പക്ഷികൾ

പാറി നടക്കും പക്ഷികളേ
കലപിലകൂട്ടും പക്ഷികളേ
പറന്നുയരും പക്ഷികളേ
പലപല നിറത്തിൽ കാണും നിങ്ങൾ
പലപല കുസൃതികൾ കാട്ടും  നിങ്ങൾ
സന്ധ്യമയങ്ങും നേരം നിങ്ങൾ
മാടിയൊളിക്കും  പക്ഷികളേ

–അനാമിക.എസ്.നായർ

# പുസ്തക ഗുണങ്ങൾ

സിദ്ദു അഞ്ചിൽ പഠിക്കുന്ന ഒരു കുട്ടിയാണ്. പക്ഷേ അവന് പഠിക്കാൻ തീരെ താത്പര്യമില്ലായിരുന്നു. അവന് കളിയാണ് കൂടുതലിഷ്ടം. ഒരു ദിവസം അവൻ കളിക്കാനായി കൂട്ടുകാരെയും കാത്ത് നൽക്കുകയായിരുന്നു. അവർ വന്നു. അന്ന് അവർ ഒളിച്ചുകളിക്കാനായി തീരുമാനിച്ചു. സിദ്ദു ഒളിക്കാനായി അവന്റെ ചേച്ചിയുടെ പഠന മുറിയിലേയ്ക്ക് കയറി. അവൻ ഒരു സ്ഥലത്ത് പതുങ്ങി ഇരുന്നു. ആരെങ്കിലും വരുന്നുണ്ടോയെന്ന് ഇടക്കിടക്ക് നോക്കുമായിരുന്നു. ആരും വരുന്നില്ല എന്ന് ഉറപ്പ വരുത്തി അവിടെ ഇരിക്കും.

"സിദ്ദൂ........ സിദ്ദൂ........... " അവൻ ഒരു വിളികേട്ടു. സിദ്ദു ചുറ്റും നോക്കി. ആരെയും കാണാനില്ല. അവൻ മേശയുടെ പുറത്തേയ്ക്ക് നോക്കി. ഒരു കവിത ബുക്ക് കണ്ടു. ആ പുസ്തകത്തിന്റെ അടുത്തേയ്ക്ക് അവൻ പോയി നോക്കി. ആ ബുക്ക് അവനോട് പറഞ്ഞു, "എന്നെ എടുത്ത് വായിക്ക് സിദ്ദൂ". "നല്ല കവിതയൊക്കെയുണ്ട്." അവൻ ആ ബുക്കിലെ കുറച്ച് കവിതകൾ വായിച്ചു. കവിതകൾ അവന് വളരെ ഇഷ്ടമായി. അവൻ പുസ്തകത്തോട് പറഞ്ഞു. നല്ല കവിതകളാണല്ലോ. ഇത്ര നല്ല കവിതകൾ ഞാൻ ഇതുവരെ വായിച്ചിട്ടില്ല.

പുസ്തം പറഞ്ഞു. നമ്മുടെ പാഠപുസ്തകത്തിലും ഇതുപോലെ ധാരാളം നല്ല കഥകളും കവിതകളുമൊക്കെയുണ്ട്. അത് വായിച്ചാൻ തന്നെ നമുക്ക് ഒരുപാട് കാര്യങ്ങൾ മനസ്സിലാകും. ഇതു കേട്ടപ്പോൾ സിദ്ദുവിന് അത്ഭുതമായി. അന്നുമുതൽ സിദ്ദു ധാരാളം പുസ്തകങ്ങൾ വായിക്കുകയും നല്ലവണ്ണം പഠിക്കുന്ന കുട്ടിയായി മാറുകയും ചെയ്തു.

ആസിയ ബീവി
5 ബി

## മോഹം

ഒരു സ്വപ്നമാകുന്നു ഇന്നെന്റെ ഹൃത്തിൽ
പറയാതെ അറിയാതെ ഒരു കുഞ്ഞു മോഹം

പറയാതെ അകലുമോ മധുരമാം മോഹത്തെ
ഇനിയും മറക്കാതെ ഓമനിക്കുന്ന ഞാൻ

ഇനിയെത്ര നാളുകൾ കരുതീടണം
അറിവില്ല, ഉള്ളിലൊരു  ജ്വലയായ് മാറുന്നു

ജ്വലിക്കുന്ന ഹൃത്തിൽ നാളുകൾ വേഗമായ്
പോകയോ ഇന്നെന്റെ അരികിൽ
നിന്നകലേക്ക്.........

– ആഷ്ന ,റൈഹാന

## തൂവൽ പക്ഷി

എവിടെയോ മായ്കയായ് ഒരു തൂവൽ പക്ഷി
കൊഴിച്ചിട്ട് പോയൊരു, ഒരു തൂവൽ ബാക്കിയായ്,
പറയാതെ പോയിന്നതെന്തിന് വേണ്ടി   നീ
അറിവില   ചോദ്യമായ് ഇന്നെന്റെ ഹൃത്തിലായ്,
ഇന്നെന്റെയുള്ളിലൊരു ദുഖമാകുന്നുവോ,
നീകൊഴിച്ചിട്ട പോയൊരാ തൂവൽ,
സ്പർശിക്കമീ വേളയിൽ
നീ തന്നുപോയൊരാ മധുരമാം ഓർമ്മയും,
സ്വപ്നങ്ങളും പിന്നെ ആ കുഞ്ഞു തൂവലും,
ഇനിയും കരുതീടുന്ന എന്നുള്ളിൽ മാത്രമായ്....

ആഫിയ, നസ്റിൻ

# മുത്തശ്ശിയുടെ ഉപദേശം

ഒരിടത്തൊരിടത്ത് രാജു എന്ന കുസൃതി
കുട്ടി ഉണ്ടായിരുന്നു. അവൻ ആരു പറഞ്ഞാലും
കേൾക്കില്ല. അവൻ എപ്പോഴും ഒരു മതിലിൽ
കയറി കളിക്കും,അപ്പോൾ അവന്റെ മുത്തശ്ശി
പറയും "മോനേ മതിലിൽ കയറി കളിക്കരുത്, ഒരു പക്ഷേ നിന്റെ കൈവിട്ടാൽ നീ താഴെ വീഴുംഅപ്പോൾ നിന്റെ കൈയും കാലും ഒടിയും."അപ്പോൾ രാജു പറഞ്ഞു, "ഞാൻ ഇനിയും കയറും, ഞാൻ ഒരിക്കലും വീഴില്ല. അപ്പോൾ മുത്തശ്ശി പറഞ്ഞു " നീ താഴെ വീണാലേ പഠിക്കുകയുള്ളൂ."ഒരിക്കൽ രാജു കളിക്കുകയായിരുന്നു. അപ്പോൾ അവനൊരു സൂത്രം തോന്നി, അവൻ മതിലിന്റെ
മുകളിൽ
കയറി കാണിക്കാം എന്ന്. അങ്ങനെ കയറിയിട്ട് അവൻ
മുത്തശ്ശിയെ വിളിച്ചു
മുത്തശ്ശീ കണ്ടോ ഞാൻ ഭയങ്കര ശക്തിയുള്ള
ആളാണ്. ഞാൻ വേണമെങ്കിൽ കൈയും
കാലും വിട്ട് നിൽക്കാം. അങ്ങനെ അവൻ
കൈയും കാലും വിട്ടു, പെട്ടന്ന് അവൻ താഴെ
പോയി. ആശുപത്രിയിലും ആയി. അപ്പോൾ
മുത്തശ്ശി പറഞ്ഞു:

"മൂത്തവർ ചൊല്ലും മുതുനെല്ലിക്ക
മുമ്പേ കയ്ക്കും പിന്നെ മധുരിക്കും ."

പ്രിയദർശിനി
9D

# അവധിക്കാലം

കളിയും ചിരിയും പുഞ്ചിരിയുമായി
അവധിക്കാലം വന്നെത്തി
കുഞ്ഞുമനസ്സുകൾ സന്തോഷത്താൽ
ആഘോഷിക്കും അവധിക്കാലം.
വിദ്യാലയങ്ങൾ നിശബ്ദതയോടെ
കാതോർക്കും കുട്ടികളുടെ വരവിനായി.
കുട്ടികൾ വന്നെത്തുമ്പോൾ
വിദ്യാലയങ്ങളിൽ നിറയും കളിചിരികൾ
വിദ്യാലയത്തിൻ കൗതുകമോ
കുട്ടികൾ തൻ സന്തോഷം
എങ്ങും കളിചിരി ആരവങ്ങൾ
പുതു അധ്യായനം തുടങ്ങുകയായി.

-ആമിന.എൻ.എസ്
ഹന്ന.എസ്

**THANK YOU**

